**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5656** **13-08-2021 - ൽ മറുപടിയ്ക്ക്**

**ജല ജീവൻ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജല ജീവൻ മിഷൻ മുഖേന എത്ര കുടിവെള്ള കണക്ഷനുകളാണ് കുറ്റ്യാടി മണ്ഡലത്തിൽ നല്കാൻ ഉദ്ദേശിക്കുന്നതെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ; | (എ) | കുറ്റിയാടി നിയോജക മണ്ഡലത്തിൽ ജലജീവൻ മിഷൻ പദ്ധതിയിലൂടെ നല്കാൻ ഉദ്ദേശിക്കുന്ന കണക്ഷനുകളുടെ എണ്ണവും പദ്ധതിയുടെ നിലവിലെ അവസ്ഥയും സംബന്ധിച്ചുമുള്ള പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിലവിലെ അവസ്ഥ എന്തെന്നും പദ്ധതി എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ; | (ബി) | കുറ്റിയാടി നിയോജക മണ്ഡലത്തിൽ ജലജീവൻ മിഷൻ പദ്ധതിയിലൂടെ നല്കാൻ ഉദ്ദേശിക്കുന്ന കണക്ഷനുകളുടെ എണ്ണവും പദ്ധതിയുടെ നിലവിലെ അവസ്ഥയും സംബന്ധിച്ചുമുള്ള പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത കണക്ഷന് ഗുണഭോക്താവ് അടക്കേണ്ടുന്ന തുക എത്രയെന്ന് അറിയിക്കാമോ; | (സി) | പദ്ധതി തുകയുടെ 10 ശതമാനം ആണ് ഗുണഭോക്താവ് അടക്കേണ്ടത്. |
| (ഡി) | പദ്ധതിയുടെ മെയ്ന്റനൻസ് ഏതുതരത്തിലാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇതിന് ആവശ്യമായ തുക കണ്ടെത്തുന്നത് സംബന്ധിച്ചുള്ള തീരുമാനങ്ങൾ അറിയിക്കാമോ; | (ഡി) | ജലജീവൻ മിഷൻ മാർഗരേഖ പ്രകാരം പദ്ധതികളുടെ തുടർ നടത്തിപ്പ്, അറ്റകുറ്റപണികൾക്ക് ആവശ്യമായ കാര്യങ്ങൾ എന്നിവ ഗ്രാമപഞ്ചായത്ത് ജല ശുചിത്വ സമിതിയുടെ ചുമതലയും ഉത്തരവാദിത്വവുമാണ്. മാർഗ്ഗരേഖ പ്രകാരം സർക്കാർ നൽകുന്ന കരുതൽ ധനവും, ധനകാര്യ കമ്മീഷന്റെ പണവും ഇക്കാര്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. |
| (ഇ) | നിലവിലെ കുടിവെള്ള പദ്ധതികൾ ജലജീവൻ മിഷനുമായി ബന്ധപ്പെടുത്തുന്നതിന് പദ്ധതികൾ ഉണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ? | (ഇ) | നിലവിലെ പദ്ധതികളിൽ നിന്നും സമ്പൂർണ്ണമായി കുടിവെള്ള കണക്ഷൻ നൽകുവാൻ കഴിയുന്ന സ്ഥലങ്ങളിൽ ഈ പദ്ധതിയിൽ നിന്നും ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി കുടിവെള്ള കണക്ഷനുകൾ നൽകി വരുന്നു. നിലവിലെ പദ്ധതികളിൽ നിന്നും സമ്പൂർണ്ണമായി കുടിവെള്ള കണക്ഷൻ നൽകുവാൻ കഴിയാത്ത സ്ഥലങ്ങളിലും, പദ്ധതികൾ ഇല്ലാത്ത സ്ഥലങ്ങളിലും പദ്ധതികൾ വിപുലീകരിച്ചോ പുതിയ പദ്ധതികൾ നടപ്പിലാക്കിയോ ജലജീവൻ മിഷൻ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

| ക്രമ നമ്പർ | പഞ്ചായത്തിന്റെ പേര് | ഗ്രാമീണ ഭവനങ്ങളുടെ എണ്ണം | 01. 04. 2020 -ൽ നിലവിലുണ്ടായിരുന്ന കണക്ഷനുകളുടെ എണ്ണം | 01. 04. 2020-ന് ശേഷം നല്കാനുണ്ടായിരുന്ന കണക്ഷനുകളുടെ എണ്ണം | (14.07.2021) വരെ ഭരണാനുമതി നൽകിയ കണക്ഷനുകളുടെ എണ്ണം. | ഇതുവരെ നൽകിയ കണക്ഷനുകളുടെ എണ്ണം | ഇനി നൽകാനുള്ള ആകെ കണക്ഷനുകളുടെ എണ്ണം |
|---|---|---|---|---|---|---|---|
| 1 | കുന്നുമ്മൽ | 4515 | 1114 | 3401 | 2500 | 489 | 2912 |
| 2 | കുറ്റിയാടി | 4441 | 850 | 3591 | 3591 | 908 | 2683 |
| 3 | വേളോം | 7083 | 290 | 6793 | 250 | 259 | 6534 |
| 4 | ആയഞ്ചേരി | 7063 | 1598 | 5465 | 131 | 0 | 5465 |
| 5 | മണിയൂർ | 10470 | 3305 | 7165 | 0 | 0 | 7165 |
| 6 | തിരുവള്ളൂർ | 8739 | 39 | 8700 | 0 | 0 | 8700 |
| 7 | വില്ലിയപ്പള്ളി | 9082 | 1281 | 7801 | 200 | 207 | 7594 |
| 8 | പുറമേരി | 7358 | 2121 | 5237 | 70 | 71 | 5166 |
| | **ആകെ** | **58751** | **10598** | **48153** | **6742** | **1934** | **46219** |